പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1473 06.03.2018-ലെ മറുപടിക്ക്

# പ്രൊഫ. സുശീൽഖന്ന റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി.വിജയദാസ് | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി - യുടെ നവീകരണം സംബന്ധിച്ച പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ടോ; ആയതിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങളുടെ വിശദവിവരം നൽകുമോ; | (എ) | കെ.എസ്.ആർ.ടി.സിയുടെ പുനഃരുദ്ധാരണവു മായി ബന്ധപ്പെട്ട് പ്രൊഫ.സുശീൽ ഖന്ന സമർപ്പിച്ച കരട് റിപ്പോർട്ട് പ്രകാരം കോർപ്പ റേഷനെ പുനഃരുദ്ധരിച്ച് കാര്യക്ഷമത വർദ്ധി പ്പിക്കുന്നതിനായി വിവിധ മേഖലകളായി തിരിക്കുന്നതിനും മാനേജ്മെന്റിൽ പ്രൊഫഷ ണലുകളെ ഉൾപ്പെടുത്തുന്നതിനും ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിനും ശിപാർശ ചെയ്തിട്ടുണ്ട്. വർക് ഷോപ്പുകളുടെ പ്രവർത്തനം ടയർ റീ-ട്രെഡിംഗ്, വാഹന ഉപയോഗ നിരക്ക്, ബസ് ബോഡി നിർമ്മാണം, ഇന്ധന ഉപയോഗക്ഷമത എന്നിവ ദേശീയ ശരാശരിയിലേക്ക് ഉയർത്ത ണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സാമ്പത്തിക പുനഃക്രമീകരണം നടപ്പാക്കണമെന്നും ജീവന ക്കാരെ ശാസ്ത്രീയമായി വിന്യസിക്കുകയും ഡ്യൂട്ടി പാറ്റേൺ പരിഷ്ക്കരിക്കുകയും ബസ് സ്റ്റാഫ് അനുപാതം ദേശീയ ശരാശരിയായ 5.5-നേക്കാൾ മെച്ചപ്പെടുത്തണമെന്നും നിർദ്ദേ ശിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം നൽകുമോ? | (ബി) | പ്രൊഫ.സുശീൽ ഖന്നയുടെ ഇടക്കാല റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുനഃരുദ്ധാരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരികയാണ്. റിപ്പോർട്ടിലെ ശുപാർശകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നോഡൽ ഓഫീസറായി, പുതുതായി നിയമിക്കപ്പെട്ട ഡെപ്യൂട്ടി ജനറൽ മാനേജർ (ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ)-നെ ചുമതലപ്പെടുത്തുകയും, കോർപ്പറേഷന്റെ സാമ്പത്തിക പുനഃസംഘടനക്കായി കരാർ അടിസ്ഥാനത്തിൽ ചാർട്ടേഡ് അക്കൗണ്ടന്റുമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മുൻഗണനാ ക്രമത്തിൽ കോർപ്പറേഷനിൽ നടപ്പാക്കേണ്ട റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനിക്കുന്നതിനും ഭരണസമിതി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ആയതിലേയ്ക്കായി സമ്പൂർണ്ണ സഹകരണം ലഭ്യമാക്കാൻ തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ചർച്ചാ ചെയ്യുകയുമുണ്ടായി. |

**സെക്ഷൻ ഓഫീസർ**